**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 102** **29-01-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കനോലി കനാൽ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് നഗരത്തിൽ കനോലി കനാൽ നവീകരണം ലക്ഷ്യമിട്ട് നടപ്പാക്കുന്ന കനാൽ സിറ്റി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | കോഴിക്കോട് നഗരത്തിലൂടെ കടന്നുപോകുന്ന കനോലി കനാലിന്റെ നവീകരണത്തിനായുള്ള പദ്ധതിയുടെ വിശദമായ പദ്ധതിരൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനുവേണ്ടി സർവ്വേ, മണ്ണ് പരിശോധന മറ്റ് വിവരശേഖരണങ്ങൾ തുടങ്ങിയ നടപടികൾ കൺസൾട്ടന്റ് പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയ്ക്കുള്ള ഡി.പി.ആർ. തയ്യാറാക്കി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും പദ്ധതിയുടെ ഉദ്ദേശ അടങ്കൽ തുക എത്രയാണെന്നും അറിയിക്കുമോ; | (ബി) | കനോലി കനാൽ വികസന പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (ക്വിൽ) ആണ്. മെ. ലീ അസോസിയേറ്റ്സ് സൗത്ത് ഏഷ്യാലിമിറ്റഡ് എന്ന കൺസൾട്ടൻസി സ്ഥാപനത്തെ വിശദമായ പദ്ധതിരൂപരേഖ (ഡി.പി.ആർ.) തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡി.പി.ആർ. പൂർത്തിയായിട്ടില്ലാത്തതിനാൽ അടങ്കൽ തുക കണക്കാക്കിയിട്ടില്ല. |
| (സി) | പദ്ധതി നിർമ്മാണം പരിസ്ഥിതി സൗഹൃദമായിരിക്കുമെന്ന് ഉറപ്പുവരുത്തുമോ; വ്യക്തമാക്കുമോ? | (സി) | പരിസ്ഥിതി മലിനീകരണം പരമാവധി കുറച്ച് കുറഞ്ഞ ചെലവിൽ വൻതോതിലുള്ള ചരക്കുനീക്കത്തിന് സഹായിക്കുന്ന ജലഗതാഗതത്തിന്റെ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തിക്കൊണ്ട് കോഴിക്കോട് നഗരത്തിലൂടെ കടന്നു പോകുന്ന കനോലി കനാൽ മാലിന്യമുക്തമാക്കി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് കനോലി കനാൽ വികസന പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ആയതിനാൽ പരിസ്ഥിതി സൗഹാർദ്ദപരമായാണ് പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നത്. തയ്യാറാക്കുന്ന പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ പരിസ്ഥിതി ആഘാതപഠനം നടത്തി ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതിയോടു കൂടിയാകും പദ്ധതി നടപ്പിലാക്കുക. |

സെക്ഷൻ ഓഫീസർ